"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന ഭവനപദ്ധതി പ്രകാരം ശ്രീമതി.നഫീസ (ചിറ്റയിൽ വീട്, എടക്കര, തൃശ്ശൂർ ജില്ല) കൈപ്പറ്റിയ തുകയും പലിശയും ഈടാക്കി ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി പദ്ധതി പ്രകാരം ഏർപ്പെട്ട കരാർ റദ്ദ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.3249/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/12/2018

പരാമർശം:- 1 ശ്രീമതി. നഫീസ, ചിറ്റയിൽ വീട്ടിൽ, എടക്കര, തൃശ്ശൂർസമർപ്പിച്ച അപേക്ഷ.

2 ഗ്രാമവികസന കമ്മീഷണറുടെ 1.12.2018 ലെ 17357/എച്ച്&റ്റി4/2017/സി.ആർ.ഡി നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി. നഫീസ, ചിറ്റയിൽ വീട്, എടക്കര, തൃശ്ശൂർ എന്നയാൾ 2014-15 സാമ്പത്തികവർഷം ഐ.എ.വൈ പദ്ധതി പ്രകാരം ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവനനിർമ്മാണത്തിനുള്ള ധനസഹായമായി 2 ലക്ഷം രൂപ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുമൂലം വീട് വിൽക്കേണ്ടതായിവന്നുവെന്നും, ഐ.എ.വൈ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയ വീട് 12 വർഷത്തേക്ക് കൈമാറ്റം നടത്താൻ പാടില്ല എന്ന കരാർ നിലവിലുള്ളതിനാൽ സ്ഥലം രജിസ്റ്റർ ചെയ്യാനായില്ല എന്നും അതിനാൽ ധനസഹായമായി കൈപ്പറ്റിയ 2 ലക്ഷം രൂപ പലിശ സഹിതം തിരിച്ചടച്ച് ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഐ.എ.വൈ പദ്ധതി പ്രകാരം ഏർപ്പെട്ട കരാർ റദ്ദ് ചെയ്ത് വീട് വിൽക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ശ്രീമതി നഫീസ അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി. നഫീസക്ക് കടുത്ത സാമ്പത്തികബാധ്യത ഉള്ളതിനാൽ കിടപ്പാടം വിൽക്കാതെ കടം തീർക്കുവാൻ പറ്റാത്ത അവസ്ഥയിലാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ശ്രീമതി. നഫീസയുടെ അവസ്ഥ പരിഗണിച്ച് കൈപ്പറ്റിയ ഐ. എ. വൈ. ധനസഹായമായ 2 ലക്ഷം രൂപ പലിശ സഹിതം ഈടാക്കി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുമതി നൽകാമെന്നും ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറുടെ

ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി. നഫീസയുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച് ഐ.എ.വൈ ധനസഹായമായി കൈപ്പറ്റിയ 2 ലക്ഷം രൂപ പലിശസഹിതം ഈടാക്കി, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഐ.എ.വൈ പദ്ധതി പ്രകാരം ഏർപ്പെട്ട കരാർ റദ്ദ് ചെയ്ത് വീടും വസ്തുവും വിൽക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, ചാവക്കാട് ബ്ലോക്ക്പഞ്ചായത്ത്, തൃശ്ശൂർ

ശ്രീമതി. നഫീസ, ചിറ്റയിൽ വീട്, എടക്കര, തൃശ്ശൂർ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ ( ഓഡിറ്റ് ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള തിരുവനന്തപുരം

ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം,

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.12.28 10:42:37 IST
Reason: Approved
സെക്ഷൻ ഓഫീസർ